# ജി. ടി .ഡബ്ല്യൂ. എൽ. പി. എസ്

# തൂണകടവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26



# ആമുഖം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികസനമാണെന്നും വിദ്യാഭ്യാസത്തിന്റെ നിർവചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹത്തിന് ബോധ്യപ്പെടുത്തുന്ന വിവിധത്തിലുള്ള കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.  വിദ്യാഭ്യാസ അവകാശ നിയമങ്ങൾ പാലിച്ചുക്കൊണ്ട് കുട്ടിയിൽ ആർജ്ജിക്കേണ്ട കാര്യങ്ങൾ യഥാസമയം ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ലക്ഷ്യം ഉൾക്കൊണ്ട് ചെയ്യുന്ന വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# വിദ്യാലയ ചരിത്രം

പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ കൊല്ലങ്കോട് സബ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ നിയന്ത്രണത്തിലുള്ള പ്രാഥമിക പാഠശാലയാണ് ജി. ടി. ഡബ്ല്യു. എൽ പി. എസ്. തൂണകടവ്. 1981-82 ൽ പ്രവർത്തനമാരംഭിച്ചു. ഇത് നിയന്ത്രിക്കുന്നത് ട്രൈബൽ/സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റാണ്. ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലാണ് പഠനം നടക്കുന്നത്.

സ്കൂൾ പരിസരത്തെ പ്രധാന ഭൂപ്രകൃതി ഉഷ്ണമേഖല ഇലപൊഴിയും കാടുകളാണ്. ഈ സ്കൂളിൽ പഠിക്കുന്ന 21 ഓളം കുട്ടികൾ സുങ്കം നാഗറിൽപ്പെട്ടവരാണ്. മലസർ വിഭാഗത്തിൽപ്പെടുന്ന ട്രൈബ്സാണ് എല്ലാവരും. തൂണക്കടവ് ഡാം സ്കൂളിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെയും പറമ്പിക്കുളം ഡാം സ്കൂളിൽ നിന്ന് 22 കിലോമീറ്റർ അകലെയും സ്ഥിതി ചെയ്യുന്നു. സ്കൂളിലേക്കാവശ്യമായ കുടിവെള്ളം എത്തിക്കുന്നത് തൂണക്കടവ് ഡാമിൽ നിന്നാണ്. വനമേഖലക്കുള്ളിലെ പൂപ്പാറ, അഞ്ചാം കോളനി തുടങ്ങിയ കോളനികളിൽ നിന്നുള്ള കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ സ്കൂളിനടുത്തായി പ്രീ മെട്രിക് ഹോസ്റ്റൽ സൗകര്യമുണ്ട്.

# അധ്യാപകരും ജീവനക്കാരും

| | | |
|---|---|---|
| 1. | രാജേഷ്. ആർ | എച്ച്. എം<br>രണ്ടാം ക്ലാസ് |
| 2. | ഹസീന. കെ | നാലാം ക്ലാസ്<br>നൂൺ മീൽ ഇൻചാർജ് |
| 3. | റീന. കെ | മൂന്നാം ക്ലാസ്<br>സ്റ്റാഫ് സെക്രട്ടറി |
| 4. | വിധു എസ് രാജൻ | ഒന്നാം ക്ലാസ്<br>എസ്. ആർ. ജി കൺവീനർ |
| 5. | രമേശ്. കെ | മെന്റർ |
| 6. | ബിൻസി | എഫ് ഡി ടീച്ചർ |
| 7. | സുരേഷ് | പി. ടി. സി. എം |
| 8. | മീനാക്ഷി | കുക്ക് |

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- മുഴുവൻ ക്ലാസുകളിലും ഐ. സി. ടി സാധ്യത ഉറപ്പുവരുത്തുക.
- പിന്നാക്കവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്ക്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.
- ലഘുപഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് കുട്ടികളിൽ ബോധവാന്മാരാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പാക്കുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- അടുക്കളത്തോട്ടം പദ്ധതി നടപ്പിലാക്കുക.

# വിഷയടിസ്ഥാനത്തിലുള്ള പഠനപ്രവർത്തനങ്ങൾ

**മേഖല : മലയാളം**

**ലക്ഷ്യങ്ങൾ**

- ഭാഷാപരമായ അടിസ്ഥാനശേഷി കൈവരിക്കൽ.
- എല്ലാ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരാക്കുക.
- മികവ് പുലർത്തുന്നവരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു.
- വായനശീലം വർദ്ധിപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

- ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.
- കൈത്താങ്ങ് പഠനക്ലാസുകളിൽ വർക്ക്ഷീറ്റുകൾ ഉപയോഗിക്കുന്നു.
- കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കുവാൻ കഴിയുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്ന.
- വായനയുമായി ബന്ധപ്പെട്ട് അമ്മ വായന, വായനോത്സവം, ക്ലാസ് വായനകൂട്ടം എന്നിവ ചെയ്യുന്നു. ക്ലാസ് തല ലൈബ്രറി, സ്കൂൾ തല ലൈബ്രറി എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- എഴുത്തിലേക്ക് കൊണ്ടുവരുന്നതിനായി സംയുക്ത ഡയറി, സർഗാത്മക ഡയറി, രചനോത്സവം, കയ്യെഴുത്തു പ്രതി എന്നിവ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ കണ്ടെത്തുന്നതിനായി റീഡേഴ്സ് തിയേറ്റർ, അരങ്ങ് എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- **വർത്തമാനപത്രം, പ്രസിദ്ധീകരണം എന്നിവ ലഭ്യമാക്കൽ.**

## Area : English

### Objectives

- Support to slow pace learners.
- Effective Teaching
- Pronounciation
- Vocabulary
- Handwriting

### Activities

- Games, action songs, identify the naming words, action words from the picture.
- Notice, diary, self introduction, picture reading, growing sentences.
- Make Riddles
- Conversation
- Description
- Add more lines
- Letter Writing
- Make Magazines
- Conducting English assembly by each class
- Bullettin board for English

**മേഖല : ഗണിതം**

**ലക്ഷ്യങ്ങൾ**

- അടിസ്ഥാന ഗണിതക്രിയകൾ മധുരമാക്കൽ.
- ഗണിതപഠന പ്രവർത്തനങ്ങൾ മധുരമാക്കൽ.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക.
- എല്ലാ കുട്ടികൾക്കും ഗണിതത്തിൽ താല്പര്യം വളർത്തിയെടുക്കുക

**പ്രവർത്തനങ്ങൾ**

- ഗണിത ശില്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ് ഉപയോഗിക്കുന്നു)
- ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രശ്നം നടത്തൽ.
- വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽവെച്ച് ഗണിതക്ലാസ് നടത്തൽ.
- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്തു ഗണിത പാർക്ക് സജ്ജമാക്കൽ.
- ഐ ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്കെത്തിക്കൽ.

**മേഖല : പരിസര പഠനം**

**ലക്ഷ്യങ്ങൾ**

- **സ്വന്തം പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ കൈവരിക്കൽ**
- **പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തിയെടുക്കൽ.**
- **പഴയകാല ഉപകരണങ്ങളെക്കുറിച്ച് അറിവ് നേടൽ**
- **പ്രാദേശിക ചരിത്രം അറിയൽ**
- **ശാസ്ത്ര പഠനം ലളിതവും ആകർഷകവുമാക്കൽ**
- **ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെട്ട് പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.**

**പ്രവർത്തനങ്ങൾ**

- **ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമര് തയ്യാറാക്കൽ.**
- **ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ, ശാസ്ത്ര പഠന കിറ്റ് തയ്യാറാക്കൽ.**
- **ശാസ്ത്രമേളകളിൽ മികച്ച രീതിയിലുള്ള പങ്കാളിത്തം.**
- **ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.**
- **സയൻസ് ബുള്ളറ്റിൻ ബോർഡ്.**
- **ദിനാചരണങ്ങളെ ശാസ്ത്രപഠനവുമായ് ബന്ധിപ്പിക്കൽ.**

മേഖല : കല- പ്രവൃത്തി പരിചയം, ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കൽ
- കുട്ടികളുടെ കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- പ്രവൃത്തി പരിചയ പരിശീലനങ്ങൾ നൽകുക.
- കലാ കായിക മേളകളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കൽ

പ്രവർത്തനങ്ങൾ

- കുട്ടികൾക്കാവശ്യമായ കായികോപകരണങ്ങൾ ലഭ്യമാക്കൽ
- പരിശീലനം നൽകൽ
- ക്യാമ്പുകൾ സംഘടിപ്പിക്കൽ
- പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കൽ
- യോഗ ക്ലാസ് സംഘടിപ്പിക്കൽ.
- പ്രവൃത്തി പരിചയ ശില്പശാല സംഘടിപ്പിക്കൽ
- പ്രാദേശിക വ്യക്തികളെ ഉപയോഗപ്പെടുത്തി പരിശീലനം നൽകൽ
- സംഗീതം, നൃത്തം, ചിത്രരചന തുടങ്ങിയ മേഖലകളിൽ താത്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ.

## മലയാളം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ഭാഷാപരമായ അടിസ്ഥാനശേഷി കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു.<br>വർക്ക്ഷീറ്റ് തയ്യാറാക്കൽ<br>വായനകാർഡ് തയ്യാറാക്കൽ<br>ലൈബ്രറി പുസ്തകം പ്രയോജനപ്പെടുത്തൽ | ജൂൺ ആദ്യ വാരം<br>ജൂൺ മാസം<br>ജൂൺ മാസം മുതൽ<br>ജൂൺ മാസം മുതൽ | 1000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 2. | എല്ലാ കുട്ടികളെയും വായനയിൽ താത്പര്യമുള്ളവരാക്കുക. | അമ്മ വായന<br>വായനോത്സവം<br>വായന മത്സരം<br>സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>റീഡേഴ്സ് തിയേറ്റർ | ജൂൺ അവസാന വാരം<br>ജൂൺ മാസം മുതൽ ഫെബ്രുവരി വരെ<br>ജൂലൈ മാസം മുതൽ ഫെബ്രുവരി വരെ<br>ജൂൺ മാസം മുതൽ<br>ആഗസ്റ്റ് മാസം | 2000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 3. | സ്വതന്ത്ര രചനകളിൽ ഏർപ്പെടുന്നതിന് | സംയുക്ത ഡയറി<br>സർഗാത്മക ഡയറി<br>രചന പരിചയക്കുറിപ്പ്<br>രചനോത്സവം (കൈയ്യെഴുത്ത് പ്രതി, വായനപതിപ്പ്, പത്രനിർമ്മാണം) | ജൂൺ മാസം<br>ജൂലൈ മാസം<br>ജൂലൈ മാസം<br>ആഗസ്റ്റ് മാസം | 10000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |

## English

| Sl No | Aims | Activities | Duration | Finance | Agency |
|---|---|---|---|---|---|
| 1. | To speak, read and write English without any mistake. | Pre test<br><br>Preparation of worksheet<br><br>Description<br><br>Newspaper reading<br>Library reading<br>Add more lines<br><br><br>Diary Writing<br>Conversations<br>Word game<br>Riddles<br>Notice<br>School radio<br><br>Assembly<br>Makes magazines<br>Bulletin board | June<br><br>June<br><br><br>June<br><br>From July<br><br><br><br><br><br>From July<br><br><br><br><br><br>From August | 5000 | SMC, PTA,Teachers |
| 2. | To support the slow pace learners | Picture reading<br>Word card<br>Sentence card<br>ICT facilities | From June | 2000 | SMC, PTA,Teachers |
| 3. | Vocabulary | Games<br>Rhyming words | | 3000 | SMC, PTA,Teachers |

| | | | | | |
|---|---|---|---|---|---|
| | | **Action words**<br>**Prepositions**<br>**Make word web** | **From July** | | |
| **4.** | **Pronounciation** | **Chain reading**<br><br><br>**Role play**<br><br>**ICT facilities**<br>**Readers theatre**<br>**Skit** | **From June**<br><br><br>**From July**<br><br>**From July**<br><br>**From October** | **1000** | **SMC, PTA,Teachers** |

# ഗണിതം

| ക്രമ ന | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | ചുറ്റുപ്പാടുമുള്ള ജ്യാമിതീയ രൂപങ്ങൾ (ചതുരം, ത്രികോണം, വൃത്തം) തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.<br>ഗണിത ചുമർ ഒരുക്കൽ | ജൂൺ മാസം മുതൽ ജൂലൈ വരെ | 2000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 2. | ഗണിതപഠനത്തിൽ എല്ലാ കുട്ടികൾക്കും താത്പര്യം വളർത്തുന്നതിന് | ഗണിത ഗാനം ശേഖരിക്കൽ, ആലപിക്കൽ<br><br>പ്രകൃതി നിരീക്ഷണത്തിലേർപ്പെട്ട് ഗണിതപഠനത്തിന്റെ സാധ്യത തയ്യാറാക്കൽ<br>ഒറിഗാമി | ജൂൺ മാസം മുതൽ | 5000 | |
| 3. | ഗണിത പഠനോപകരണ നിർമ്മാണത്തിലേർപ്പെടുന്നതിന് | ഗണിത കിറ്റ് തയ്യാറാക്കൽ<br>ഈർക്കിൽ കെട്ട്<br>മഞ്ചാടി കുരു<br>കുന്നി കുരു<br>സംഖ്യാകാർഡ്<br>സ്ട്രോ<br>കല്ലുകൾ<br>ഡൈസ് തുടങ്ങിയവ<br>കളി നോട്ട്<br>അബാക്കസ്<br>സ്കെയിൽ<br>ഗണിത ആൽബം | ജൂൺ മാസം മുതൽ ജൂലൈ വരെ | 10000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4. | ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് | ഗണിത പസ്സിൽ<br>സംഖ്യാസ്ട്രിപ്പ്<br>അബാക്കസ്<br>ഉല്ലാസഗണിതം, ഗണിത വിജയം പ്രവർത്തനങ്ങൾ<br><br>പ്രായോഗിക പ്രശ്ന നിർദ്ധാരണം | ജൂൺ മുതൽ<br><br>ആഗസ്റ്റ് മുതൽ | 2000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |

## പരിസരപഠനം

| ക്രമ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | പരിസ്ഥിതി സൗഹാർദ പഠനത്തിലേർപ്പെടൽ | പ്രകൃതി നടത്തം<br>നിരീക്ഷണം<br><br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ | ജൂൺ മാസം മുതൽ | 5000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 2. | പരിസരപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര കിറ്റ് നിർമ്മാണം<br>ശില്പശാല<br><br>ഫീൽഡ് ട്രിപ്പ്<br>ഐ സി ടി പ്രയോജനപ്പെടുത്തൽ<br>ശാസ്ത്രവിസ്മയ ചുമർ | ജൂൺ മാസം മുതൽ<br><br>ജൂലൈ മുതൽ | 4000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 3. | ചരിത്ര പ്രാധാന്യ ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ധാരണ ഉളവാക്കൽ. | ദിനാചരണം സംഘടിപ്പിക്കുക<br>വിവിധ ആഘോഷങ്ങൾ ജനകീയമായ് സംഘടിപ്പിക്കുക<br>അഭിമുഖം | ജൂൺ മാസം മുതൽ | 4000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 4. | മേളകളിൽ പങ്കെടുക്കുന്നതിന് | ശാസ്ത്ര ക്വിസ്<br>ചാർട്ട് നിർമ്മാണം, ശേഖരണം<br>മോഡൽസ് നിർമ്മാണം<br>പരീക്ഷണം | ഒക്ടോബർ-നവംബർ | 1000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 5. | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പ്രദർശനം സംഘടിപ്പിക്കൽ | ഫെബ്രുവരി 28 | 2000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |

## കല- പ്രവൃത്തി പരിചയം, ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രന | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1. | കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക | കായിക ക്ഷമതയുള്ള കുട്ടികളെ തെരെഞ്ഞെടുപ്പ് ആവശ്യമായ പരിശീലനം നൽകുക<br><br>സ്പോർട്ട് ക്യാമ്പ്<br>യോഗ ക്ലാസ്<br><br>കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക | ഒരു വർഷം | 15000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 2. | സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക | കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുക | ഒരു വർഷം | 20000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 3. | പ്രവൃത്തി പരിചയ പരിശീലനം നൽകൽ | പ്രവൃത്തി പരിചയ മേഖലകളിൽ കഴിവുള്ള പ്രാദേശിക വ്യക്തികളെ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പരിശീലനം നൽകുക. | ഒരു വർഷം | 10000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |
| 4. | കലാ-കായിക മേളകളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കൽ | താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകി മേളകളിൽ പങ്കെടുപ്പിക്കൽ | ഒക്ടോബർ | 15000 | എസ് എം സി, ടീച്ചേഴ്സ്, രക്ഷിതാക്കൾ |